**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1834 01-02-2018 ൽ മറുപടിക്ക്**

**മുൻ മന്ത്രിസഭാ തീരുമാനങ്ങളുടെ പുന:പരിശോധന**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.കെ. സി. ജോസഫ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭ 2016 ജനുവരി ഒന്നിനുശേഷം കൈക്കൊണ്ട തീരുമാനങ്ങൾ പു:നപരിശോധിക്കാനുള്ള മന്ത്രിസഭാ തീരുമാനപ്രകാരം ഏതെല്ലാം തീരുമാനങ്ങൾ റദ്ദാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (എ) കഴിഞ്ഞ മന്ത്രിസഭയുടെ അവസാന കാലത്തെ മന്ത്രിസഭായോഗ തീരുമാനങ്ങൾ പരിശോധിച്ച മന്ത്രിസഭാ ഉപസമിതി റദ്ദുചെയ്യുന്നതിന് ശിപാർശ ചെയ്തിരുന്ന തീരുമാനങ്ങളിൽ, അനുബന്ധമായി ചേർത്തിരിക്കുന്ന 48 തീരുമാനങ്ങൾ റദ്ദുചെയ്യുന്നതിന് 14-03-2017 ന് ചേർന്ന മന്ത്രിസഭായോഗം തീരുമാനമെടുത്തിട്ടുണ്ട്. |
| (ബി) ഇതു സംബന്ധിച്ച് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചോ; ഇല്ലെങ്കിൽ കാരണം എന്താണ്; | (ബി) മേൽ സൂചിപ്പിച്ചിട്ടുള്ള മന്ത്രിസഭായോഗ തീരുമാനങ്ങളിൻമേൽ വിവിധ വകുപ്പുകളിൽ നിന്നുമാണ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്. ആയതിനാൽ അവ റദ്ദു ചെയ്തുകൊണ്ട് പൊതുവായ ഉത്തരവ് പുറപ്പെടുവിക്കാൻ സാധിക്കുകയില്ല. മാത്രവുമല്ല പുനഃപരിശോധനയ്ക്ക് വിധേയമാക്കിയ കഴിഞ്ഞ മന്ത്രിസഭയുടെ അവസാനകാലത്തെ മന്ത്രിസഭായോഗ തീരുമാനങ്ങളിൽ എല്ലാ തീരുമാനങ്ങളിലും ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നുമില്ല. അതുകൊണ്ടുതന്നെ അവ റദ്ദുചെയ്തുകൊണ്ട് ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതുമില്ല. എന്നിരുന്നാലും മേൽ സൂചിപ്പിച്ച 48 തീരുമാനങ്ങളിൽ ഏതെങ്കിലും തീരുമാനങ്ങളിൻമേൽ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആയത് റദ്ദുചെയ്യുന്നതിന് ബന്ധപ്പെട്ട എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) നടുവിൽ ഗവൺമെന്റ് പോളിടെക്നിക്കിന് സ്ഥലം കൈമാറാനുള്ള തീരുമാനം നടപ്പിലാക്കാൻ കാബിനറ്റ് സബ് കമ്മറ്റി ശുപാർശ ചെയ്തിട്ടുണ്ടോ? | (സി) നടുവിൽ ഗവൺമെന്റ് പോളിടെക്നിക്കിന് സ്ഥലം കൈമാറാനുള്ള തീരുമാനം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മന്ത്രിസഭാ ഉപസമിതി ശിപാർശകൾ ഒന്നും രേഖപ്പെടുത്തി നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## കഴിഞ്ഞ മന്ത്രിസഭയുടെ അവസാന കാലത്തെ തീരുമാനങ്ങളിൽ മന്ത്രിസഭാ ഉപസമിതി റദ്ദ് ചെയ്യുന്നതിന് ശിപാർശ ചെയ്തവയിൽ 14-03-2017 ന് ചേർന്ന മന്ത്രിസഭായോഗം അംഗീകരിച്ച തീരുമാനങ്ങൾ

| ക്രമ നം | മന്ത്രിസഭായോഗ തീരുമാനം നമ്പരും തീയതിയും | വിഷയം |
|---|---|---|
| 1 | 8373 തീയതി 18-02-2016 | ക്ഷീര വികസന വകുപ്പിലെ കരാർ അടിസ്ഥാനത്തിൽ തുടരുന്ന 152 ഡയറി പ്രൊമോട്ടർമാരെ കാഷ്വൽ ജീവനക്കാരായി മാറ്റുന്നതും തുടർന്ന് ഡയറി പ്രൊമോട്ടർമാരായി നിയോഗിക്കുന്നതും സാബന്ധിച്ച് |
| 2 | 8687 തീയതി 02-03-2016 | കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിൽ അൺസ്കിൽഡ് വർക്കർ കാറ്റഗറിയിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന 12 ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് |
| 3. | 8184 തീയതി 03-02-2016 | ഇലക്ഷൻ വകുപ്പ്- ചീഫ് ഇലക്ടറൽ ഓഫീസറുടെ ഓഫീസിൽ ഒരു ഡ്രൈവറുടെ തസ്തിക സൃഷ്ടിക്കുന്നതിനും പ്രസ്തുത തസ്തികയിൽ താൽക്കാലികമായി ജോലിനോക്കിവരുന്നയാളെ സ്ഥിരപ്പെടുത്തുന്നതും സംബന്ധിച്ച് |
| 4. | 8248 തീയതി 10-02-2016 | കേരള സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിൽ ദിവസവേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന പ്യൂൺ-കം-വാച്ച്മാൻ, ഡ്രൈവർ എന്നിവരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് |
| 5. | 8321 തീയതി 17-02-2016 | സംസ്ഥാന പുരാവസ്തു വകുപ്പിൽ തൃപ്പൂണിത്തുറ ഹിൽപാലസിൽ ദിവസവേതനാടിസ്ഥാനത്തിൽ ഇലക്ട്രീഷ്യനായി ജോലിനോക്കിവരുന്നയാളെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് |
| 6. | 8517 തീയതി 25-02-2016 | കേരള സംസ്ഥാന സർവ്വ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിൽ ദിവസവേതനത്തിലും കരാർ അടിസ്ഥാനത്തിലുമായി 10 വർഷത്തിലേറെയായി ജോലിചെയ്യുന്ന അഞ്ചുപേരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് |
| 7. | 8518 തീയതി 25-02-2016 | മ്യൂസിയവും മൃഗശാലയും വകുപ്പിൽ എട്ട് ദിവസവേതന കീപ്പർമാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് |
| 8. | 8074 തീയതി 20-01-2016 | വിനോദസഞ്ചാര വകുപ്പിൽ വിവിധ തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ പത്ത് വർഷത്തിലേറെയായി ജോലിചെയ്തുവരുന്നവരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് |
| 9. | 8505 തീയതി 25-02-2016 | വിനോദ സഞ്ചാര വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ പത്തു വർഷത്തിലെറെയായി ജോലിചെയ്തുവരുന്ന ശ്രീമതി മൈമുനയെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് |
| 10. | 8675 തീയതി 02-03-2016 | മലയാറ്റൂരിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റിലാറ്റി മാനേജ്മെന്റ് സ്റ്റഡീസിൽ ജോലി |

| | | |
|---|---|---|
| | | ചെയ്തിരുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് |
| 11. | 7300 തീയതി 06-01-2016 | കിൻഫ്രയിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലിനോക്കുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് |
| 12. | 8338 തീയതി 17-02-2016 | കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്മെന്റ് ഏജൻസിയിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ഓഫീസ് അറ്റൻഡന്റ് എന്നിവരുടെ സർവ്വീസ് റെഗുലറൈസ് ചെയ്യുന്നത് സംബന്ധിച്ച് |
| 13. | 8541 തീയതി 25-02-2016 | കിലയിൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലികമായി ജോലിചെയ്തു വരുന്ന എട്ട് ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് |
| 14. | 8546 തീയതി 25-02-2016 | പെരുന്തൽമണ്ണ നഗരസഭയിലെ 10 വർഷം പൂർത്തിയാക്കിയ കൊതുക നിവാരണ തൊഴിലാളികളെയും കണ്ടിജന്റ് തൊഴിലാളികളെയും പകരം തൊഴിലാളികളുടെ പട്ടികയിൽപ്പെടുത്തി ഒഴിവ് വരുന്ന മുറയ്ക്ക് സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് |
| 15. | 8629 തീയതി 01-03-2016 | കെ.എസ്.യു.ഡി.പി. യിൽ കരാറടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററെ ട്രിഡയിൽ നിലവിലുള്ള എൽ.ഡി.ക്ലർക്ക് തസ്തികയിൽ സ്ഥിരനിയമനം നൽകുന്നത് സംബന്ധിച്ച് |
| 16. | 8711 തീയതി 02-03-2016 | എസ്.ആർ. വിഷ്ണുവിന് കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫയർ സൊസൈറ്റിയുടെ നിലവിലുള്ള ഒഴിവിൽ പ്യൂൺ നിയമനം നൽകുന്നത് സംബന്ധിച്ച് |
| 17. | 8087 തീയതി 20-01-2016 | കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റിയിൽ 10 വർഷം പൂർത്തിയാക്കിയ കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് |
| 18. | 8467 തീയതി 25-02-2016 | സർവ്വശിക്ഷാ അഭിയാനിൽ കരാറടിസ്ഥാനത്തിൽ ഡ്രൈവറായി നോക്കിവരുന്ന ശ്രീ. തങ്കരാജിനെ പാങ്ങപ്പാറ സി.എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി ചലഞ്ച്ഡ് എന്ന സ്ഥാപനത്തിൽ സ്ഥിര നിയമനം നൽകുന്നത് സംബന്ധിച്ച് |
| 19. | 8082 തീയതി 15-02-2016 | ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം സംബന്ധിച്ച് |
| 20. | 8428 തീയതി 24-02-2016 | തുറമുഖ വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവർ തസ്തികയിൽ ജോലിചെയ്തുവരുന്ന ശ്രീ. ഗണേശന് തുറമുഖ വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സ്ഥിരനിയമനം നൽകുന്നത് സംബന്ധിച്ച് |
| 21. | 8513 തീയതി 25-02-2016 | 26-12-2001 മുതൽ അഡാക്കിന്റെ പൊയ്യ ഫാമിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ശ്രീമതി വി.ബി. ലതയെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് |
| 22. | 8593 തീയതി 02-03-2016 | ആലപ്പുഴ മൽസ്യ കർഷക വികസന ഏജൻസിയിൽ |

| | | |
|---|---|---|
| | | കഴിഞ്ഞ 20 വർഷമായി ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ശ്രീ. നൗഷാദ്. എ യെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് |
| 23. | 8707 തീയതി 02-03-2016 | ഹോർട്ടികോർപ്പിൽ പത്ത് വർഷത്തിലേറെക്കാലമായി താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന 57 ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് |
| 24. | 8251 തീയതി 10-02-2016 | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ കഴിഞ്ഞ 15 വർഷങ്ങളായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ശ്രീമതി. ജയശ്രീക്ക് സ്ഥിര നിയമനം നൽകുന്നത് സംബന്ധിച്ച് |
| 25. | 6635 തീയതി 15-02-2016 | തിരുവനന്തപുരം ആർ.സി.സി യിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലികാടിസ്ഥാനത്തിൽ ജോലിനോക്കിയവരും തുടർന്ന് ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നവരുമായ ജീവനക്കാർക്ക് സ്ഥിരം നിയമനം നൽകുന്നത് സംബന്ധിച്ച് |
| 26. | 8564 തീയതി 25-02-2016 | എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ കരാർ ദിവസ വേതനക്കാരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഉൾക്കൊള്ളിക്കുന്നതിനുവേണ്ടിയുള്ള തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് |
| 27. | 7852 തീയതി 13-01-2016 | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം നൽകുന്നതിലേക്കായി പാലക്കാട് ജില്ലയിൽ അഞ്ചിരട്ടി ഭൂമി വാങ്ങിനൽകാം എന്ന ഉറപ്പിൻമേൽ പത്തനംതിട്ട അടൂർ പെരിങ്ങനാട് വില്ലേജിൽ ബ്ലോക്ക് നം. 11, 12 ൽ വിവിധ സർവ്വെ നമ്പരുകളിൽപ്പെട്ടതും കല്ലട ഇറിഗേഷൻ പദ്ധതിക്കായി ഏറ്റെടുത്തതുമായ 183.07 ആർ ഭൂമി മുൻ ഉടമകൾക്ക് തിരിച്ചുനൽകുന്നത് സംബന്ധിച്ച് |
| 28. | 8255 തീയതി 10-02-2016 | റാന്നി താലൂക്കിൽ വടശ്ശേരിക്കര വില്ലേജിൽ ബ്ലോക്ക് 31 ലെ റീ സർവ്വെ നം 453 ൽ 22 ഏക്കർ ഭൂമി സ്വാശ്രയ അടിസ്ഥാനത്തിൽ ദന്തൽ ഫാർമസി, നഴ്സിംഗ് കോളേജ് എന്നിവ ആരംഭിക്കുന്നതിനായി കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 81(3) പ്രകാരം ഇളവ് അനുവദിക്കുന്നതിനുള്ള പി.എസ്.എൻ ചാരിറ്റബിൾ ട്രസ്റ്റിന്റെ ആവശ്യം സംബന്ധിച്ച് |
| 29. | 7717 തീയതി 15-02-2016 | ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ കണ്ണമംഗലം വില്ലേജിൽ സർവ്വെ 1/1, 1/8,1/10 ൽപ്പെട്ട നോർക്ക വകുപ്പിന് പതിച്ചുനൽകിയ ഭൂമി തിരിച്ചെടുത്ത് റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാക്കുന്നതും മെ. ക്ലോറൈറ്റ്സ് & കെമിക്കൽസ് ഫാക്ടറിയുടെ പേരിൽ നിലവിൽനിൽക്കുന്ന സർക്കാരുമായി ബന്ധപ്പെട്ട ബാദ്ധ്യതകൾ എഴുതിതള്ളുന്നതു സംബന്ധിച്ചും |
| 30. | 8256 തീയതി 10-02-2016 | വയനാട് ജില്ലാ വൈത്തിരി താലൂക്കിൽ കൽപ്പറ്റ വില്ലേജിൽ പഴയ സർവ്വെ നമ്പർ 634 ൽപ്പെട്ട 0.40 ഏക്കർ ഭൂമി ദേശീയ വനിതാ ഹോസ്റ്റൽ നിർമ്മിക്കുവാൻ സൗജന്യമായി |

| | | |
|---|---|---|
| | | പതിച്ചുനൽകുന്നത് സംബന്ധിച്ച് |
| 31. | 5939 തീയതി 15-02-2016 | ശോഭ സീനിയർ സ്കൂൾ സ്ഥാപിക്കുന്നതിനുള്ള അനുമതിയ്ക്കായി ശ്രീ. കറുംബ ട്രസ്റ്റ് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച് |
| 32. | 8677 തീയതി 02-03-2016 | എറണാകുളം ജില്ല കൊച്ചി താലൂക്കിൽ ഫോർട്ട് കൊച്ചി വില്ലേജിൽ സർവ്വെ 552/1 ൽപ്പെട്ട 50 സെന്റ് ഭൂമി പാട്ടകുടിശ്ശിക ഒറ്റത്തവണയായി തീർപ്പാക്കി ബൊസ്വാങ്കറ്റ് എക്സ്പോർട്സ് ലിമിറ്റഡിന് പാട്ടത്തിൻ നൽകുന്നത് സംബന്ധിച്ച് |
| 33. | 8691 തീയതി 02-03-2016 | എറണാകുളം ജില്ലയിൽ ആലുവ താലൂക്കിൽ ആലുവ ഈസ്റ്റ് വില്ലേജിൽ 82/1 ൽപ്പെട്ട റോഡ് പുറമ്പോക്ക് ഭൂമി പതിച്ചു നൽകുന്നത് സംബന്ധിച്ച് |
| 34. | 8553 തീയതി 25-02-2016 | കണ്ണൂർ ജില്ലയിലെ പാറാട്ട് വെറ്റിനറി ഡിസ്പെൻസറിയിൽ 2006 ജൂലൈ മുതൽ കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി നോക്കിവരുന്ന ശ്രീമതി ബേബിയെ പാർട്ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് |
| 35. | | സംസ്ഥാന ആസൂത്രണ ബോർഡിൽ താൽക്കാലിക അടിസ്ഥാനത്തിൽ റിസർച്ച് അസ്സിസ്റ്റന്റ് തസ്തികയിൽ സേവനം അനുഷ്ഠിച്ചിരുന്ന വി.റ്റി.ഗോപൻ പിള്ളയുടെ സേവനം ക്രമവൽക്കരിക്കുന്നത് സംബന്ധിച്ച് |
| 36. | 8092 തീയതി 20-01-2016 | ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ഡയറക്ടറായി പാങ്ങോട്, മന്നാനിയ ആർട്സ് ആന്റ് സയൻസ് കോളേജിലെ അസ്സി. പ്രൊഫസറായ ഡോ. പി. നസീറിനെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് |
| 37. | 8610 തീയതി 02-03-2016 | കേരള വനിതാ വികസന കോർപ്പറേഷനിൽ അന്യത്ര സേവനത്തിൽ തുടരുന്ന ശ്രീ. ഫൈസൽ മുനീറിനെ കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ ആഗിരണം ചെയ്യുന്നത് സംബന്ധിച്ച് |
| 38. | 7936 തീയതി 06-01-2016 | കേരള വാട്ടർ അതോറിട്ടിയിലെ ഇനിയും സ്ഥിരപ്പെടുത്താനുള്ള 22 എൻ.എം.ആർ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് |
| 39. | 8560 തീയതി 25-02-2016 | 2012-13 വർഷം ശബരിമല മഹോൽസവത്തോടനുബന്ധിച്ച് സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ച വകയിൽ ശ്രീ. വി.എൻ ഗോപാലകൃഷ്ണൻ നായർക്ക് 44,65,650/-രൂപ അനുവദിക്കുന്നത് സംബന്ധിച്ച് |
| 40. | 8366 തീയതി 18-02-2016 | കിൻഫ്രാ പാർക്ക് സ്ഥാപിക്കുന്നതിനായി ഏറ്റെടുക്കുവാൻ അനുമതി നൽകിയ തൃശ്ശൂർ മുകുന്ദപുരം താലൂക്ക് 80 ഏക്കർ സ്ഥലം റംസർ ഉടമ്പടി വ്യവസ്ഥകൾ ഒഴിവാക്കി തുടർ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് |
| 41. | 8174 തീയതി 27-01-2016 | ഐ.&പി.ആർ.ഡി വകുപ്പിലെ മുൻ ഡയറക്ടറായിരുന്ന ശ്രീ. എ. ഫിറോസിനെതിരെയുള്ള കേസ് സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നത് തിരിച്ചെടുക്കുന്നത് സംബന്ധിച്ച് |

| | | |
|---|---|---|
| 42. | 7728 തീയതി 03-02-2016 | ഭാരതീയ മസ്ദൂർ സേവാ കേന്ദ്രത്തിന്റെ കൊച്ചി കോർപ്പറേഷൻ ഡിവിഷൻ 41 ലുള്ള 818 ഓ, 818 ബി എന്നീ കെട്ടിടങ്ങളുടെ നികുതിയിളവ് സംബന്ധിച്ച് |
| 43. | 8409 തീയതി 24-02-2016 | ശ്രീമതി ഷൈലജ കെ.പിള്ളയെ പാർട്ടൈം കണ്ടിജന്റ് ജീവനക്കാരിയായി സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് നിലനിർത്തുന്നത് സംബന്ധിച്ച് |
| 44. | 8539 തീയതി 25-02-2016 | കാഞ്ഞങ്ങാട് നഗരസഭ അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നത് സംബന്ധിച്ച് |
| 45. | 8722 തീയതി 02-03-2016 | കോട്ടയം ജില്ലാ പഞ്ചായത്ത് 97-98 വർഷത്തിൽ നടത്താൻ നിശ്ചയിച്ചിരുന്ന കന്യാ വിവാഹ പദ്ധതി നടപ്പിലാക്കാൻ കഴിയാതെ പോയതിന്റെ പേരിൽ ജനപ്രതിനിധികളിൽ നിന്നും നഷ്ടം തിരിച്ചു പിടിക്കുന്നത് സംബന്ധിച്ച് |
| 46. | 8298 തീയതി 10-02-2016 | സംസ്ഥാനത്ത് പുതുതായി അനുവദിച്ച 168 എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ 856 ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെയും 972 ജൂനിയർ ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെയും 216 ലാബ് അസ്സിസ്റ്റന്റുമാരുടെയും തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച് |
| 47. | 8475 തീയതി 25-02-2016 | കോട്ടയം ജില്ല കൊല്ലാട് സെന്റ് മേരീസ് യു.പി.സ്കൂളിൽ യു.പി.എസ്.എ ആയി സേവനമനുഷ്ഠിക്കുന്ന ശ്രീമതി എലിസബത്ത് ചാക്കോയുടെ അപേക്ഷ പരിഗണിച്ച് ഒരു പ്രത്യേക കേസായി പരിഗണിച്ച് പ്രായപരിധിയിൽ ഇളവനുവദിക്കുന്നത് സംബന്ധിച്ച് |
| 48. | 8190 തീയതി 03-02-2016 | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിലെ അസ്സിസ്റ്റന്റ് എഞ്ചിനീയറായ ശ്രീ. ഉസ്മാന് അന്തർ വകുപ്പ് സ്ഥലംമാറ്റം അനുവദിക്കുന്നത് സംബന്ധിച്ച് |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**